**കേരള സർക്കാർ**

**സംഗ്രഹം**

വകുപ്പുതല പരീക്ഷ -ഡിജിലോക്കറിൽ നിന്നും പകർപ്പ് എടുക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-സി) വകുപ്പ്**

ജി ഒ (എം എസ്) നം. 9/2023/ പി & എ ആർ ഡി    തീയതി, തിരുവനന്തപുരം, 19-05-2023

---

പരാമർശം:- 1) 11.09.2018 തീയതിയിലെ ജി. ഒ. (പി) നം. 06/2018/ഐ.ടി.ഡി. നമ്പർ ഉത്തരവ്

2) കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 18.06.2022 തീയതിയിലെ A5(1)5255/15/GW നമ്പർ കത്ത്.

3) 11.07.2022 തീയതിയിലെ സ.ഉ (കൈ) നം. 18/2022/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

വിവിധ വകുപ്പുകൾ/യൂണിവേഴ്സിറ്റികൾ/ഏജൻസികൾ/ഇൻസ്റ്റിട്യൂട്ടുകൾ എന്നിവ ഡിജിലോക്കർ സംവിധാനത്തിലൂടെ നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ഫിസിക്കൽ സർട്ടിഫിക്കറ്റ് (Physical Certificate) - ന്റെ തുല്യത നൽകാമെന്ന് പരാമർശം 1 പ്രകാരവും വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കൊണ്ട് പരാമർശം 3 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. നിലവിൽ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിൽ അപ്‌ലോഡ് ചെയ്ത് വരുന്നുണ്ട്.

പി.എസ്.സി. പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്തിട്ടുള്ള അപേക്ഷകർക്ക് ഡിജിലോക്കറിൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് പകർപ്പ് എടുക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം പകർപ്പ് എടുക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വീകാര്യത സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലില്ലെന്നും അതിനാൽ ഡിജിലോക്കറിൽ നിന്നും പകർപ്പ് എടുക്കുന്ന വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട രീതി സംബന്ധിച്ചും, വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്തിയശേഷം ആയത് ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, പ്രൊമോഷൻ എന്നീ ആവശ്യങ്ങൾക്ക് താൽക്കാലികമായി സ്വീകരിക്കുവാനുള്ള നിർദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ പരാമർശം 2 കത്ത് പ്രകാരം പി.എസ്.സി. സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജീവനക്കാർ ഹാജരാക്കുന്ന വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ എല്ലാ വകുപ്പ്മേധാവികളും/നിയമനാധികാരികളും താഴെ പറയും പ്രകാരമുള്ള ഏതെങ്കിലും രീതിയിൽ വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റിന്റെ(ഡിജിലോക്കറിൽ നിന്നും ഡൗൺലോഡ് ചെയ്ത് പകർപ്പ് എടുക്കുന്ന സർട്ടിഫിക്കറ്റിന്റെ) ആധികാരികത പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

i. വകുപ്പ്തല പരീക്ഷ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി അധികാരപ്പെട്ട ഉദ്യോഗസ്ഥർ **http://psc.kerala.gov.in/kpsc/certverify.php** എന്ന വെബ് പേജ് സന്ദർശിച്ച് സർട്ടിഫിക്കറ്റ് ഐ.ഡി, സർട്ടിഫിക്കറ്റ് ഉടമയുടെ പേര് എന്നിവ നൽകി പരിശോധിക്കുക.

ii. ഡിജിലോക്കറിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്ന സട്ടിഫിക്കറ്റിന്റെ Q R കോഡ് സ്കാൻ ചെയ്ത് പരിശോധിക്കുക.

4. വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്തിയ ശേഷം ആയത് ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, പ്രൊമോഷൻ എന്നീ ആവശ്യങ്ങൾക്ക് താൽക്കാലികമായി സ്വീകരിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും, നിയമനാധികാരികൾക്കും നിർദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**രാജീവൻ എ. പി.**
**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരളാ/മഹാത്മാഗാന്ധി /കൊച്ചി/കോഴിക്കോട്/കണ്ണൂർ യൂണിവേഴ്സിറ്റി.(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി /ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി, ( ആമുഖ കത്ത് സഹിതം).
നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
✓വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, പി & എ ആർ ഡി(വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ